**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3951** **15-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മരുന്നു വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രതിമാസം ശരാശരി എത്ര രൂപയുടെ അലോപ്പതി മരുന്നുകൾ വിപണനം ചെയ്യുന്നുണ്ടെന്നാണ് ആരോഗ്യവകുപ്പ് കണക്കാക്കിയിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് ആരോഗ്യ മേഖലയിലെ ചികിത്സാർത്ഥം 2020-21 സാമ്പത്തിക വർഷത്തിൽ 3726 കോടി രൂപയുടെ അടിസ്ഥാന വിലയുള്ള അലോപ്പതി മരുന്നുകൾ വിറ്റഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞ കണക്കനുസരിച്ച് പ്രതിമാസം 310 കോടിയുടെ അലോപ്പതി മരുന്നുകളാണ് വിപണനം ചെയ്യുന്നത്. |
| (ബി) | സംസ്ഥാനത്തെ മരുന്നു വില്പനയ്ക്ക് ആനുപാതികമായി ഗുണനിലവാര പരിശോധന നടക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (ബി) | മരുന്നുകളുടെ നിർമ്മാണം, വിതരണം, വിൽപ്പന പ്രധാനമായും നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമായ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ്. മരുന്ന് നിർമ്മാണത്തിലെ അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ നിർമ്മാണ വേളയിലെ ഓരോ ഘട്ടങ്ങളിലും അവ Tablet, Capsules, Injection, Liquid Orals എന്നിങ്ങനെയുള്ള അന്തിമ രൂപത്തിൽ (Finished Product) ആകുന്ന പ്രക്രിയയും ഇവ വിപണിയിലേയ്ക്ക് എത്തുന്ന വരെയുള്ള പ്രക്രിയയും ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. മരുന്ന് നിർമ്മാണ യൂണിറ്റ് സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ വിഭാഗമാണ് മരുന്ന് നിർമ്മാണ വിതരണ പ്രക്രിയ നിയമ വ്യവസ്ഥ പ്രകാരമാണ് നടത്തുന്നത് എന്ന് ഉറപ്പ് വരുത്തുന്നത്. സംസ്ഥാനത്ത് ഔഷധ വിപണിയിൽ ഒരു സമയം ഏകദേശം രണ്ടര ലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസം വരെ സമയം ആവശ്യമാണ്. ആയതിനാൽ വിപണിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും |

| | | | |
|---|---|---|---|
| | | | ഗുണനിലവാരം പരിശോധിക്കുക പ്രായോഗികമല്ല. ഇത്തരം സാഹചര്യം നിൽനിൽക്കുന്നതിനാലാണ് നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ച് വരുന്ന പ്രക്രിയയാണ്.<br><br>കേരള സംസ്ഥാനത്ത് നിലവിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലായി മൂന്ന് ലാബുകളാണ് പ്രവർത്തിച്ച് വരുന്നത്. വിവിധ തസ്തികകളിലെ നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പത്തനംതിട്ട കോന്നിയിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലുള്ള നാലാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതാണ്. കൂടാതെ, സംസ്ഥാനത്ത് അഞ്ചാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി കണ്ണൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജോലി ചെയ്തുവരുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നു സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിനായി, നിയമപരമായി ഇവ ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ലാബുകളിൽ അയയ്ക്കുകയും ചെയ്യുന്നു. |
| (സി) | ജി.എസ്.ടി ഏർപ്പെടുത്തിയതോടെ ഇതര സംസ്ഥാന വിതരണക്കാരിൽ നിന്നും നേരിട്ട് വിൽപ്പനകേന്ദ്രങ്ങളിൽ എത്തുന്ന മരുന്നുകളും പരിശോധിക്കപ്പെടുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ? | (സി) | കേന്ദ്രം ജി.എസ്.ടി നയം നടപ്പാക്കിയതോടുകൂടി മരുന്നു നിർമ്മാതാക്കളുടെ അംഗീകൃത വിതരണ ശൃംഖലയിൽ നിന്നല്ലാതെ ഒരു വ്യാപാരിയ്ക്ക് രാജ്യത്ത് എവിടെ നിന്നും മരുന്നുകൾ വാങ്ങാമെന്നുമുള്ള അവസ്ഥ സംജാതമാകുകയും, ഇതുമൂലം ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിന്ന് വ്യാപാരികൾ നേരിട്ട് മരുന്ന് വാങ്ങുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഗുണനിലവാരമില്ലാത്ത മരുന്നുകൾ സംസ്ഥാന വിപണിയിൽ എത്താനുള്ള സാഹചര്യമുണ്ട്. മേൽ സാഹചര്യത്തിൽ മരുന്ന് വിതരണ സ്ഥാപനങ്ങളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ കർശനമായ പരിശോധന നടത്തുകയും മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ